പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1671 | 16/06/2014 ൽ മറുപടിയ്ക്ക്

ദുരിതാശ്വാസ സഹായത്തിനുവേണ്ടി എം.എൽ.എ മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) അപകടത്തിൽപെട്ട് മരിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ദുരിതാശ്വാസ സഹായത്തിന് വേണ്ടി എം.എൽ.എ.മാർ മുഖേന ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ നൽകുന്ന അപേക്ഷകൾ വീണ്ടും അന്വേഷണത്തിനായി തിരിച്ചയക്കുന്നതു മൂലം യഥാസമയം സഹായം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) കാലതാമസം ഒഴിവാക്കുന്നതിനായി എം.എൽ.എ.മാർ വഴി ആവശ്യമായ രേഖകൾ ഉൾപ്പെടെ നൽകുന്ന അപേക്ഷകളിൻമേൽ അടിയന്തിരമായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) | അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ ആശ്രിതർക്കുളള ധനസഹായത്തിനായി എല്ലാ രേഖകളും (പോസ്റ്റുമാർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ, മരണസർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്) സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ വീണ്ടും അന്വേഷണം നടത്താതെതന്നെ ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.